ശ്രീ. ബാബു ദിവാകരൻ : ഗവൺമെന്റ് എടുക്കുന്ന തീരുമാനം നടപ്പിലാക്കാൻ കഴിയണം. അങ്ങനെ ഏകപക്ഷീയമായ തീരുമാനമെടുത്ത് അത് നടപ്പിലാക്കാൻ കഴിയുന്നില്ലെങ്കിൽ അതുകൊണ്ട് തൊഴിലാളികൾക്കും പ്രയോജനമുണ്ടാകില്ല. അതുകൊണ്ടാണ് ഒരു സമവായത്തിന് പരമാവധി ശ്രമിക്കുന്നത്. അങ്ങനെ ഒരു സമവായത്തിന് തോട്ടം ഉടമകൾ തയ്യാറാകുന്നില്ലെങ്കിൽ തീർച്ചയായിട്ടും ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഏതെങ്കിലും പ്രത്യേക ഇനത്തിന് മാത്രമായിട്ടെങ്കിലും കൂലി നിശ്ചയിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് വളരെ പോസിറ്റീവായി ആലോചിക്കുന്നുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : ഞാൻ ഒരു സബ്മിഷൻ തന്നിരുന്നു.

മി. സ്പീക്കർ : അങ്ങയുടെ സബ്മിഷൻ സത്യത്തിൽ ഇന്നാണ് എന്റെ കയ്യിൽ കിട്ടിയത്. ഞാൻ മിനിസ്റ്ററെ കാണിച്ചു. മിനിസ്റ്റർ പറയുന്നത് മറുപടി കളക്ട് ചെയ്യാൻ സമയം വേണമെന്നാണ്.

V സബ്മിഷൻ

(1) പണ്ടാരം/പണ്ടാരൻ വിഭാഗങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന ഒ. ബി. സി. ആനുകൂല്യങ്ങൾ

ശ്രീ. എം. മുരളി: കേരളത്തിലെ വീരശൈവ സമുദായത്തിൽപ്പെട്ടവർ ഭൂരിഭാഗവും പർപ്പടക നിർമ്മാണം ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിരിക്കുന്ന പണ്ടാരം വിഭാഗത്തിൽപ്പെട്ടവരാണ്. അവർ തിരുവിതാംകൂറിന്റെയും കൊച്ചിയുടേയും കാലത്ത് പട്ടികജാതിക്കാരായിരുന്നു, പിന്നീട് ഒ. ബി. സി. ആയി. 1996-ൽ മാത്തൂർ എന്ന സ്വകാര്യ വ്യക്തിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നോക്ക വിഭാഗ കമ്മീഷന്റെ തെറ്റായ ഒരു ശുപാർശ പ്രകാരം അവരെ ഒ. ബി. സി.-യിൽ നിന്ന് പുറത്താക്കിയിരിക്കുകയാണ്. അതിനെക്കുറിച്ച് സഭയിൽത്തന്നെ പരാതി വന്നു. വീരശൈവ മഹാ സഭ തന്നെ പരാതി ഉയർത്തി. അങ്ങനെ സർക്കാർ ഏജൻസിയായ കിർത്താഡ്സിനെ അവരുടെ പിന്നോക്കാവസ്ഥ പഠിക്കാൻ ചുമതലപ്പെടുത്തിയിരിക്കുകയാണ്. മൂന്ന് വർഷമായിട്ടും കിർത്താഡ്സിന്റെ പഠന റിപ്പോർട്ട് കിട്ടിയിട്ടില്ല. മുഖ്യമന്ത്രി ഇടപെട്ട് കിർത്താഡ്സിന്റെ പഠന റിപ്പോർട്ട് വരുത്തി ഒരു കാലത്ത് എസ്. സി. ആയിരുന്ന അവരെ ഒ. ബി. സി. പട്ടികയിലെങ്കിലും ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം. അനീതി തിരുത്താൻ ഗവൺമെന്റ് മുന്നോട്ടുവരണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ഒ. ബി. സി. യിൽപോലും ഉൾപ്പെടുത്തിയിട്ടില്ലാത്ത പണ്ടാരം/പണ്ടാരൻ സമുദായത്തെ ഒ. ബി. സി. പട്ടികയിൽ ഉൾപ്പെടുത്തണമെന്ന സമുദായ സംഘടനയുടെ ആവശ്യം കിർത്താഡ്സ് ചരിത്രപരമായ രേഖകൾ പരിശോധിച്ച് പഠന വിഷയമാക്കിയിട്ടുണ്ട്. കേരളത്തിലെ വിവിധ ജില്ലകളിൽ താമസിക്കുന്ന സമുദായ അംഗങ്ങളെ നേരിൽ സന്ദർശിച്ച് തെളിവെടുപ്പ് നടത്താനുള്ള തീരുമാനവുമുണ്ട്. കിർത്താഡ്സിന്റെ റിപ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

ലഭിച്ച ശേഷം ആയത് വിശദമായി പരിശോധിച്ച് അനുയോജ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. എത്രയും വേഗം കിർത്താഡ്സിന്റെ റിപ്പോർട്ട് കിട്ടാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

(2) ആദിവാസി യുവതിയെ മോഷണക്കുറ്റം ആരോപിച്ച് പോലീസ് കസ്റ്റഡിയിലെടുത്ത് മർദ്ദിച്ചതു സംബന്ധിച്ച്

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, ആദിവാസിയും വിധവയുമായ അമ്പലക്കുന്ന് സരോജിനി എന്ന സാധു യുവതിയെ മോഷണക്കുറ്റം ചുമത്തി ബാലുശ്ശേരി പോലീസ് കസ്റ്റഡിയിലെടുത്ത് നഗ്നയാക്കി മർദ്ദിച്ച സംഭവമുണ്ടായി. ഒരു ഓപ്പറേഷനെത്തുടർന്ന് വയറ്റിലുണ്ടായിരുന്ന മുറിവ് പഴുത്ത് വേദന അനുഭവിക്കുന്ന ആദിവാസി യുവതി ജനുവരി 13-ന് ബാലുശ്ശേരി ഹെൽത്ത് സെന്ററിൽ ചികിൽസക്ക് എത്തിയതായിരുന്നു. കൂടെ രണ്ടു വയസ്സ് പ്രായമുള്ള ഒരു കുട്ടി മാത്രമാണ് ഉണ്ടായിരുന്നത്. ആശുപത്രിയിൽ ചികിൽസക്കുവേണ്ടി ക്യൂ നിൽക്കുമ്പോൾ അടുത്തുണ്ടായിരുന്ന ഒരു സ്ത്രീയുടെ കുട്ടിയുടെ കഴുത്തിലുണ്ടായിരുന്ന സ്വർണ്ണമാല മോഷ്ടിക്കപ്പെട്ടു എന്ന കുറ്റം ചുമത്തിയാണ് യുവതിയെ കസ്റ്റഡിയിലെടുത്ത് പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി മർദ്ദിച്ചത്. ഇത് ഹൃദയഭേദകമായ ഒരു സംഭവമാണ്. യുവതി മർദ്ദനമേറ്റ് പിടഞ്ഞപ്പോൾ കൂടെയുണ്ടായിരുന്ന കുഞ്ഞ് ആർത്തലച്ച് കരയുകയുണ്ടായി. ഈ സന്ദർഭത്തിൽ കുഞ്ഞിനെ പാഴ് വസ്തുക്കൾ ഇടുന്ന മുറിയിൽ അടച്ചിടുകയാണ് പോലീസ് ചെയ്തത്. ആർത്തലച്ച് കരയുന്ന കുട്ടിക്ക് മുല കൊടുക്കുന്നതിനുപോലും ഈ സ്ത്രീയെ പോലീസുകാർ അനുവദിച്ചില്ല. പരിശോധന എന്ന പേരിൽ വസ്ത്രങ്ങളെല്ലാം പറിച്ചെറിയുകയുണ്ടായി. പരിഷ്കൃത സമൂഹം എന്നുള്ള നിലയിൽ സംസ്ഥാനത്തുണ്ടാകാൻ പാടില്ലാത്ത ഒരു സംഭവമാണിത്. ഈ സത്രീ മർദ്ദനമേറ്റ് പിടഞ്ഞു. അവസാനം നഗ്നയാക്കിയ സ്ത്രീയെ പരിശോധിക്കാനെന്ന പേരിൽ കയ്യുറയിട്ട് ഗുഹ്യഭാഗത്തുപോലും പരിശോധന നടത്തുന്ന വളരെ പ്രാകൃതമായ ഒരു സംഭവമുണ്ടായി. അതിനുശേഷം പോലീസുകാർ ചെയ്തത്, പോലീസ് സ്റ്റേഷനിൽ നിന്ന് അവരെ വാഹനത്തിൽ കയറ്റിയിട്ട് ബാലുശ്ശേരി ആശുപത്രിയുടെ പരിസരത്ത് രാത്രി സമയത്ത് കൊണ്ടുവിട്ടു. അവരെ ആശുപത്രിയിലാക്കുന്നതിനോ ചികിൽസിക്കുന്നതിനോ നടപടി സ്വീകരിച്ചിട്ടില്ല. അവസാനം ഈ സ്ത്രീ തനിച്ച് ആശുപത്രിയിൽ പോയി ഡോക്ടറെ കാണുകയും ഡോക്ടർ മരുന്ന് കൊടുത്ത് വിടുകയും ചെയ്തു. ഈ സ്ത്രീയെ പിന്നീട് അവർ താമസിക്കുന്ന ചെങ്കോട്ടക്കൊല്ലി കോളനിയിൽ കൊണ്ടുവിട്ടു. ചെങ്കോട്ടക്കൊല്ലി കോളനി മുതുകാടാണ്. ചക്കിട്ടപ്പാറ പഞ്ചായത്തിലാണ്. അവിടെയെത്തിച്ചേർന്നിട്ടുള്ള ഈ സ്ത്രീയെ അവിടെയുള്ള ജനപ്രതിനിധികളും നാട്ടുകാരും ചേർന്ന് പിറ്റേ ദിവസം (ജനുവരി 13-നാണ് സംഭവം.), അതായത് 14-ാം തീയതി മാവിലെ പേരാമ്പ്ര ഹെൽത്ത് സെന്ററിൽ പ്രവേശിപ്പിക്കുകയുണ്ടായി. ഞാൻ ആ സ്ത്രീയെ പോയി കണ്ടു. ഞാൻ ഡോക്ടറോടു സംസാരിച്ചു. ആ സ്ത്രീക്ക് മർദ്ദനമേറ്റതായി ഡോക്ടർ പറയുകയുണ്ടായി. ഇത് അത്യന്തം പ്രാകൃതമായിട്ടുള്ള ഒരു നിലപാടാണ്. ഈ സംഭവത്തെ സംബന്ധിച്ച് ഗൗരവമായ അന്വേഷണം നടത്തുകയും ഇത്തരമൊരു സാഹചര്യം കേരളത്തിൽ തുടർന്ന് ആവർത്തിക്കാത്ത നിലയിൽ കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കത്തക്ക രീതിയിലുള്ള സമീപനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിക്കുകയും ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly